## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6843 10.07.2014-ൽ മറുപടിക്ക്

### കണ്ണിമംഗലം -പാണ്ടുപാറ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്ത് 30 ലക്ഷവും സംസ്ഥാന സർക്കാർ 54 ലക്ഷവും അനുവദിച്ചിട്ടുള്ളതും മലയോര പഞ്ചായത്തുകളായ മലയാറ്റൂർ, അയ്യമ്പുഴ ഉടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതുമായ കണ്ണിമംഗലം - പാണ്ടുപാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ; | എ & ബി | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്ത് അനുവദിച്ച 30 ലക്ഷം രൂപയ്ക്ക് പമ്പിംഗ് മെയിൻ സ്ഥാപിക്കലും (വനമേഖല ഒഴികെ) പ്രഷർ ഫിൽറ്ററിന്റെ അടിത്തറ നിർമ്മാണവും, പമ്പ് സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അനുവദിച്ച 54 ലക്ഷം രൂപയ്ക്ക് വിതരണ ശൃംഖലയിലെ വനം വകുപ്പിന്റെ കൈവശമുള്ള സ്ഥലത്തിലൂടെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും പ്രഷർ ഫിൽറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയും ഒഴികെ യുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പമ്പിംഗ് മെയിനും വിതരണ ശൃംഖലയുടെ ബാക്കി പ്രവൃത്തികളും പൂർത്തീ കരിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അനുമതി ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി 2015 മാർച്ചിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ